# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 1998** — **17.06.2014 ൽ മറുപടിയ്ക്ക്**

## റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എം. പി. വിൻസെന്റ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റൂഫ് ടോപ്പ് സോളാർ പവർപ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് പതിനായിരം റൂഫ്ടോപ്പ് പവർപ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. നാളിതുവരെ 6.4 മെഗാവാട്ട് സോളാർ പ്ലാന്റ് ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) പ്രസ്തുത പദ്ധതിയിലൂടെ 10000 വീടുകളിലായി ഒരു കിലോവാട്ട് സ്ഥാപിതശേഷിയുള്ള സോളാർ പ്ലാന്റുകളിലായി 10 മെഗാവാട്ട് ഊർജ്ജ ഉത്പാദനമാണ് ലക്ഷ്യമിടുന്നത്. |
| (സി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ഏതാണ് ; വിശദമാക്കുമോ: | (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന നോഡൽ ഏജൻസി അനെർട്ട് ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാകാൻ ഉദ്ദേശിക്കുന്നവർ മുൻകൂട്ടി നിശ്ചിത അപേക്ഷ സമർപ്പിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 500 രൂപയാണ്.<br>(2) അനെർട്ട് എംപാനൽ ചെയ്ത കമ്പനികൾ വഴിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്.<br>(3) വർക്ക് ഓർഡർ നൽകി 45 ദിവസത്തിനകം പ്ലാന്റിന്റെ പണി പൂർത്തിയാക്കിയിരിക്കണം.<br>(4) നിശ്ചിത മാനദണ്ഡപ്രകാരമാണോ പണി പൂർത്തിയാക്കിയത് എന്നും അവയുടെ പ്രവർത്തനം തൃപ്തികരമാണോയെന്നും ഗുണഭോക്താവും കമ്പനിയും സംയുക്തമായി നൽകുന്ന രേഖയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് സബ്സിഡി തുക അനുവദിക്കുന്നതാണ്. |

| | |
|---|---|
| (ഡി) പദ്ധതി നടപ്പാക്കാനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്: വിശദാംശങ്ങൾ എന്തെല്ലാം: | (ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിൽ ചാനൽ പാർട്ണേഴ്സായി അംഗീകരിക്കപ്പെട്ടിട്ടുള്ള കമ്പനികളിൽ നിന്നും തെരഞ്ഞെടുത്ത കമ്പനികളെയാണ് ചുമതല പ്പെടുത്തിയിട്ടുള്ളത്. (നിലവിലുള്ളവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു) |
| (ഇ) എത്രമാത്രം വൈദ്യുതിയാണ് പ്രസ്തുത പദ്ധതി മുഖേന ഗുണഭോക്താവിന് ലാഭിക്കാനാവുന്നത്; വിശദമാക്കുമോ? | (ഇ) ഈ പദ്ധതിയിലൂടെ സ്ഥാപിച്ചിട്ടുള്ള ഒരു കിലോവാട്ട് സോളാർ പവർപ്ലാന്റിൽ നിന്നും പ്രതിദിനം ഏകദേശം 3-3.5 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനാവും. ഊർജ്ജോത്പാദനം സൂര്യപ്രകാശത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. |

സെക്ഷൻ ഓഫീസർ

As on 12/6/2014

| Sl No. | Name of Empanelled Agency |
|---|---|
| 1 | Millennium Synergy Pvt. Ltd |
| 2 | Power One Micro Systems Private Ltd. |
| 3 | Gensol Consultants Pvt. Ltd |
| 4 | Solar Integration Systems India Pvt. Ltd. |
| 5 | Sukam Power Systems Ltd |
| 6 | Tata Power Solar Systems Ltd. |
| 7 | Ammini Solar Pvt. Ltd. |
| 8 | Luminous Power Technologies Pvt. Ltd. |
| 9 | Eversun Energy Pvt. Ltd. |
| 10 | Chemtrols Solar Pvt. Ltd |
| 11 | Lanco Solar Energy Pvt. Ltd |
| 12 | Jain Irrigation Systems Ltd |
| 13 | Radiant Solar Private Ltd |
| 14 | Agni Power and electronics Pvt.Ltd |
| 15 | Alectrona Energy Pvt.Ltd |
| 16 | Autonic Energy Systems Pvt.Ltd |
| 17 | Moser Baer Solar Limited |
| 18 | Emmvee Photovoltaic Power Pvt.Ltd |
| 19 | BOSCH LIMITED |
| 20 | Shobitha Electronics (Manufacture)Pvt. Ltd |
| 21 | PAE Renewables Private Ltd |
| 22 | Sungrace Energy Solution Pvt.Ltd |